## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2910** **28/01/2014-ൽ മറുപടിക്ക്**

**വിദ്യാഭ്യാസ വകുപ്പിൽ സേവനാവകാശ നിയമം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത നിയമം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;<br><br>(സി) പ്രസ്തുത നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;<br><br>(ഡി) ഇതിനെക്കുറിച്ച് വ്യാപകമായ പ്രചാരണം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) യും (ബി) യും (സി) യും (ഡി) യും<br><br>ഉണ്ട്. 23/4/2013-ലെ ജി.ഒ(പി) നമ്പർ 145/13/പൊ.വി (അനുബന്ധം) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, പൊതുപരീക്ഷാ കമ്മീഷണറുടെ കാര്യാലയം, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം എന്നിവ നൽകുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിന് വേണ്ട പ്രചാരം നൽകുകയും സമയ ബന്ധിതമായി തീർപ്പു കല്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

Sreedevi

സെക്ഷൻ ഓഫീസർ